ഇല്ലാത്തതുകൊണ്ട് ഇപ്പോഴും അവകാശമില്ല. അതുസംബന്ധിച്ചവ്യവസ്ഥ ഞാൻ വായിക്കാം. 1945-ൽ ആണ് റൂൾസ് ഉണ്ടാക്കിയത്. 1074-ലെ ഗവൺമെൻറ് ആർഡറിനെ തുടർന്ന് ഉണ്ടാക്കിയതാണ്. സെക്ഷൻ 3 (1)ൽ പറയുന്നത് ഇതാണ്. "The *Viruthikar* has no right over his *viruthi* holdings except his enjoy ment during the regular performance of the services imposed on him and he shall not alienate by sale, gift, mortgage or otherwise or encumber the property in any manner without the sanction of the Government. All such alienation shall be null and void." സർ, ഇതിൽനിന്നു വളരെ വ്യക്തമാണ്. ഊഴിയം നടത്താനാണ്. അതു നടത്താത്തിടത്തോളം കാലം കൈവശം വയ്ക്കാനും അനുഭവമെടുക്കാനും സാദ്ധ്യമല്ല. 1970-നു ശേഷം ഊഴിയം നിർത്തൽചെയ്തുകൊണ്ട് ഇനി ഈ സർവീസ് വേണ്ട എന്നു പറഞ്ഞുകൊണ്ട് തീരുമാനമുണ്ടായി. ഇപ്പോൾ ഇവർക്ക് ഈ ഭൂമികളിൽ ഉടമസ്ഥാവകാശം ഇല്ല. ഭൂമി ഗവൺമെൻറിൻെറ പേരിലാണ്. ഗവൺമെൻറ് ഈ ഭൂമി ചട്ടപ്രകാരം പതിച്ചുകൊടുക്കുന്നതായിരിക്കും. അതിനു നിയമനിർമ്മാണത്തെസംബന്ധിച്ച് ആലോചിക്കുന്നുണ്ട്. ഭൂപരിഷ്കരണനിയമം നടപ്പിലാക്കിയപ്പോൾ ഇങ്ങനെയുള്ള ഭൂമികളും അവസാന തീരുമാനമാകാതെ കിടക്കുന്നതു നല്ലതല്ലെന്നു ഗവൺമെൻറു തീരുമാനിച്ചു. പക്ഷേ ഈ ഭൂമിയുടെ കാര്യത്തിൽ വേണമെന്നുതോന്നിയില്ല. ചില തർക്കങ്ങളുണ്ടെന്നുള്ളതു ശരിയാണ്. കാർത്തികപ്പള്ളി മാവേലിക്കര താലൂക്കുകളിൽ തർക്കങ്ങളും ഇല്ലെന്നാണ് റിപ്പോർട്ട്. പക്ഷേ കരുനാഗപ്പള്ളി താലൂക്കിൽ തർക്കങ്ങളുണ്ടെന്നു റിപ്പോർട്ടുകിട്ടിയിട്ടുണ്ട്. ഈ ഭൂമിയെ സംബന്ധിച്ച് നിയമവിരുദ്ധമായ പല കൈമാറ്റങ്ങളും നടന്നിട്ടുണ്ട്. പലരും മക്കളുടെയും ബന്ധുക്കളുടെയും ഒക്കെ പേരിൽ ആക്കിയിട്ടുണ്ട്. ഒരു കണക്ക് ഉദ്ധരിച്ച് അതു വിശദമാക്കാം. കരുനാഗപ്പള്ളി താലൂക്കിൽ 208 ഏക്കറാണുള്ളത്. 1970-ലെ പട്ടയദാരൻമാർ 153 പേരാണ്. എന്നാൽ ഇപ്പോൾ 712 പേരുണ്ട് ഓക്യുപ്പെൻറ്സ് ആയിട്ട്. എന്തുമാത്രം സങ്കീർണ്ണമാണെന്ന് ഇതിൽനിന്നു മനസ്സിലാക്കാം. ഇവർ തമ്മിൽ തർക്കങ്ങളും ഉണ്ടാകുമെന്നുള്ളതിനു സംശയമില്ല. ലാൻറ് അസൈൻമെൻറ് റൂൾസനുസരിച്ച് ഈ ഭൂമി പതിച്ചുകൊടുക്കുന്നതിനാണ് ഗവൺമെൻറ് ആലോചിക്കുന്നത്. ഈ ഭൂമിയെ സംബന്ധിച്ച് ഒരു ഹൈക്കോടതിവിധിയും ഉണ്ടായിട്ടുണ്ട്. അതിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട് ആ കാലത്തേക്കുമാത്രമല്ലാതെ അവകാശമില്ല എന്ന്. ഏതായാലും അടിയന്തിരമായ നടപടി സ്വീകരിക്കുന്നുണ്ട്. തർക്കങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്. ആ നടപടികൾമൂലം ഇതിനു പൂർണ്ണമായ വിരാമം ഉണ്ടാക്കാൻ സാധിക്കുമെന്നാണ് എനിക്ക് തോന്നുന്നത്.

III റിപ്പോർട്ട് സമർപ്പണം

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ മൂന്നാമത് റിപ്പോർട്ട്.

Shri. T. A. Paraman: Sir, I present the Third Report of the Committee on Subordinate Legislation.

IV പ്രസ്താവന

പരിയാരം ഫോറസ്റ്റ് റെയിഞ്ചിലെ കൂപ്പുലേലത്തെ സംബന്ധിച്ച്

ശ്രീ. ആര്യാടൻ മുഹമ്മദ് ചെയ്ത പ്രസ്താവന

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, പരിയാരം ഫോറസ്റ്റ് റെയ്ഞ്ചിലെ 12 സെയിൽ കൂപ്പുകളെ സംബന്ധിക്കുന്ന ഒരു ലേലം നടന്നു. 25 ലക്ഷം രൂപയ്ക്കാണ് ആ കൂപ്പ് ലേലം ചെയ്തത്. ഒരു കോടിയിൽപ്പരം രൂപ

LIBRARY ARCHIVES Kerala Legislative Assembly

അതിനു വിലവരുമെന്ന് ഇന്നത്തെ മാതൃഭൂമി പത്രത്തിൽ എഴുതിയിരിക്കുകയാണ്. 112 കൺട്രാക്ടർമാർ യോജിച്ചുകൊണ്ട് ആദ്യം അവർ 25 ലക്ഷം രൂപയ്ക്കു വിളിച്ചെടുക്കുകയും അവർ പിന്നീട് സ്വകാര്യമായി യോഗം ചേർന്ന് ഒരു കോടിയിൽപ്പരം രൂപയ്ക്ക് വിളിച്ചെടുക്കുകയും ചെയ്തു. പരിയാരം റെയിഞ്ചിൽമാത്രമല്ല രാജ്യത്തിൻെറ എല്ലാ ഭാഗങ്ങളിലും ഇത് നിത്യസംഭവമായിരിക്കുകയാണ്. ഇങ്ങനെ കൺട്രാക്ടർമാർ യോജിച്ചു കൊണ്ട് ഇതു ചെയ്യുന്നതിൻെറ ഫലമായി കൊല്ലത്തിൽ ഇരുപതിരുപത്തഞ്ചു കോടിയോളം രൂപ സർക്കാരിനു നഷ്ടം സംഭവിക്കുന്നുണ്ട്. ഇതു നിറുത്തൽചെയ്യുന്നതിനു കാര്യമായി ശ്രദ്ധിക്കണമെന്ന് അപേക്ഷിക്കുന്നു.

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ) : സർ, ബഹുമാനപ്പെട്ട മെംബർ പറഞ്ഞതുപോലെ ഈ ലേലത്തെസംബന്ധിച്ച കാര്യം പത്രറിപ്പോർട്ടുവഴിയാണ് ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടത്. അതിൻെറ അടിസ്ഥാനത്തിൽ ബന്ധപ്പെടാവുന്ന ഉദ്യോഗസ്ഥൻമാരുമായി ബന്ധപ്പെട്ടപ്പോൾ, ഇങ്ങനെയൊരു ലേലം നടന്നുവെന്നും ഗവൺമെൻറിന് സാധാരണ നിരക്കിൽ കിട്ടേണ്ടതിൻെറ ഇരട്ടി തുകയ്ക്കാണ് ഇപ്പോൾ ലേലം നടന്നതെന്നും ആണ് അറിഞ്ഞത്. എന്നാൽ അതിൽക്കൂടുതൽ കിട്ടുമോ, അതു ശരിയായ വിലയാണോ എന്നെല്ലാം പരിശോധിക്കാനും ഇങ്ങനെയൊരു വലയം അവിടെ രൂപംകൊണ്ടിട്ടുണ്ടോ എന്നു നോക്കാനും എല്ലാം വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെംബർ പറഞ്ഞതുപോലെ ചില സ്ഥലങ്ങളിലൊക്കെ നടക്കുന്നു എന്നുള്ളതു ശരിയാണ്. അതവസാനിപ്പിക്കാൻവേണ്ടി ഡിപ്പാർട്ടുമെൻറു നേരിട്ട് ഈ കാര്യം നടത്തുന്നതിനെക്കുറിച്ചു പരിശോധിച്ചു. ചില സ്ഥലങ്ങളിൽ ഒരു പരീക്ഷണം എന്ന നിലയിൽ ഒരു ഡിവിഷനിൽ ഒരു വർക്ക് എന്ന നിലയിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. പക്ഷേ അതിനും ഒരു ഇവാല്യൂവേഷൻ വേണ്ടിവന്നിരിക്കുകയാണ്; അതിനെപ്പറ്റിയും ഒരുപാട് പരാതികളുണ്ട്. അതുകൊണ്ട് ഈ കാര്യങ്ങളെല്ലാം സംബന്ധിച്ച് ഒരു പരിശോധന നടത്താനും പരമാവധി ഗവൺമെൻറിനു കിട്ടാവുന്ന മുഴുവൻ തുകയും കിട്ടത്തക്കവിധത്തിൽ കാര്യങ്ങൾ എങ്ങനെ നടത്താമെന്നു പരിശോധിക്കാനും ശ്രമിക്കുന്നതാണ്. അതുമാത്രമല്ല, കുറേക്കൂടി മേജറായിട്ടുള്ള ചില ശസ്ത്രക്രിയയുംകൂടി വേണ്ടിവരുമെന്നെനിക്കുതോന്നുന്നു. അതെല്ലാം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

V ഗവൺമെൻറ് പ്രമേയം

സംസ്ഥാന സർക്കാർ കയറ്റുമതി ഉൽപ്പന്നങ്ങൾക്ക് ചുമത്തുന്ന നികുതികളിൽ കേന്ദ്രഗവൺമെൻറിൻെറ നിയന്ത്രണം

ധനകാര്യമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ): സർ, ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നു.

"കയറ്റുമതി ഉൽപ്പന്നങ്ങൾക്ക് സംസ്ഥാന സർക്കാർ ചുമത്തിവരുന്ന പർച്ചേസ്/വിൽപ്പന നികുതിയുടെ മേൽ സാരമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തത്തക്കവിധം ഭരണഘടന ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിൻെറ വാണിജ്യവകുപ്പ് ഉദ്ദേശിക്കുന്നതായി മനസ്സിലാക്കുന്നതിനാൽ സംസ്ഥാന സർക്കാരിൻെറ നികുതി വരുമാനത്തെ മാത്രമല്ല ഫെഡറൽ ധനകാര്യ സംവിധാനമനുസരിച്ച് നികുതി ചുമത്തുന്നതിനുള്ള സംസ്ഥാനസർക്കാരിൻെറ അധികാര വ്യാപ്തിയെത്തന്നെ ഹാനികരമായി

LIBRARY ARCHIVES Kerala Legislative Assembly